പ്രകാശവചനം

സഫാ അബ്ദുർറഹ്മാൻ, അൽജാമിഅ ശാന്തപുരം

# പ്രാർഥന; വിശ്വാസിയുടെ ആയുധം

عَنْ اَبِى هُرَيْرة رَضِى الله عَنه أَنَّ رَسُولَ الله ﷺ قَالَ :
يُسْتَجاب لأَحَدكُم مَالَم يَعْجَلْ ، يَقُولُ:
دَعَوْتُ فَلَمْ يُسْتَجَبْ لِي

**അബൂഹുറയ്റയിൽനിന്ന്: റസൂൽ(സ) പറഞ്ഞു: 'ഞാൻ പ്രാർഥിച്ചു, എന്നിട്ട് എനിക്ക് ഉത്തരം ലഭിച്ചില്ല എന്ന് ധൃതിപ്പെടാതിരിക്കൂ, എങ്കിൽ നിങ്ങളുടെ പ്രാർഥന സ്വീകരിക്കപ്പെടും' (ബുഖാരി).**

ഒരു മുസ്ലിമിന്റെ ജീവിതത്തിലെ ഏറ്റവും ഉത്തമമായ പാഥേയമാണ് പ്രാർഥന. ഏതൊരു ദുർബല നിമിഷത്തിലും പ്രതിസന്ധി ഘട്ടത്തിലും പ്രാർഥന അവനെ സഹായിക്കാനെത്തുന്നു. മനുഷ്യന് ചെന്നെത്താവുന്നതിൽ ഏറ്റവും ഉന്നതമായ വിതാനത്തിലാണ് പ്രാർഥന അവനെ എത്തിക്കുക.

മനുഷ്യൻ എത്ര പുരോഗമിച്ചാലും ദൈവത്തിന്റെ മുമ്പിൽ അവൻ അശക്തനും ദുർബലനുമാണ്. ദൈവിക സഹായം കൂടാതെ മനുഷ്യജീവിതം സാധ്യമല്ല. അതിനാൽ വിശ്വാസിയെ സംബന്ധിച്ചിടത്തോളം അവന് പ്രാർഥന കൂടാതെ കഴിയില്ല. പ്രാർഥന ഇബാദത്തിന്റെ മൂർത്തരൂപമാണ്. അല്ലാഹുവിൽ നിന്നുള്ള വിധിയെ തടുക്കാനുള്ള ഉപാധിയാണത്. “നിങ്ങൾ എന്നോട് പ്രാർഥിക്കുക. എങ്കിൽ ഞാൻ ഉത്തരം ചെയ്യും” (ഖു:40:60). അല്ലാഹുവിന്റെ അടിമക്ക് അല്ലാഹു പോരേ എന്നാണ് അല്ലാഹു ചോദിക്കുന്നത്. കാരുണ്യത്തിന്റെ അടയാത്ത വാതിലിന്റെ ഉടമയും അടിമയും തമ്മിലുള്ള ശക്തമായ ബന്ധമാണ് പ്രാർഥനയിലൂടെ പ്രതിഫലിക്കുന്നത്. അതുകൊണ്ടുതന്നെ തെറ്റ്ചെയ്ത ആദമിന് അല്ലാഹു പഠിപ്പിച്ചത് പശ്ചാത്താപവും പ്രാർഥനയുമായിരുന്നു. പ്രാർഥനയിലൂടെ ഒരാൾക്ക്, താൻ തനിച്ചല്ലെന്ന ബോധം ഉടലെടുക്കുന്നു.

“അല്ലാഹുവിന്റെ മാർഗത്തിൽ അണിയായി മാർച്ച് ചെയ്യുമ്പോഴും മഴ വർഷിക്കുമ്പോഴും നിർബന്ധ നമസ്കാരത്തിന് നിൽക്കുമ്പോഴും ആകാശത്തിന്റെ വാതിലുകൾ തുറക്കപ്പെടും” (നബിവചനം). അതുകൊണ്ട് ആ സന്ദർഭങ്ങൾ പ്രാർഥനക്കായി ഉപയോഗപ്പെടുത്തുക. പ്രാർഥനക്ക് അനുയോജ്യമായ നിമിഷങ്ങളുള്ളതുപോലെത്തന്നെ, ചില പ്രാർഥനകൾ പ്രത്യേകം സ്വീകരിക്കപ്പെടും. നീതിമാനായ ഭരണാധികാരിയുടെയും മർദിതന്റെയും പ്രാർഥനയും, സഹോദരന്റെ അസാന്നിധ്യത്തിൽ അവനുവേണ്ടിയും മാതാപിതാക്കളുടെ മരണശേഷം സ്വാലിഹായ സന്തതികൾ അവർക്കുവേണ്ടിയും നടത്തുന്ന പ്രാർഥനകളും ഇത്തരത്തിൽ പെട്ടതാണ്.

നബി(സ) പറഞ്ഞു: “മനുഷ്യൻ പ്രാർഥിച്ചാൽ മൂന്ന് കാര്യങ്ങളിൽ ഏതെങ്കിലും ഒന്ന് നടക്കാതിരിക്കില്ല. ഒന്നുകിൽ അവന്റെ പാപം പൊറുക്കും, അല്ലെങ്കിൽ അവന്റെ ആവശ്യം നിറവേറ്റും, അതുമല്ലെങ്കിൽ അവൻ ആവശ്യപ്പെടുന്നതിനേക്കാൾ ഉത്തമമായത് അവനുവേണ്ടി പരലോകത്ത് സൂക്ഷിച്ചുവെക്കും.” അതിനാൽ പ്രാർഥനയിൽനിന്ന് ഒരിക്കലും പിന്തിരിയരുത്. കാരണം, സൃഷ്ടികളിൽ നീചനായ ഇബ്ലീസിന്റെ അഭ്യർഥനപോലും അല്ലാഹു സ്വീകരിച്ചിട്ടുണ്ട്. ■